# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 246 06.01.2014-ൽ മറുപടിയ്ക്ക്

## സോളാർ തട്ടിപ്പ് - അന്വേഷണ സംഘത്തിനുള്ള നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ തട്ടിപ്പ് കേസ് അന്വേഷണ സംഘത്തിന്, സംസ്ഥാന ഡി.ജി.പി കേസ് അന്വേഷണത്തിന് നൽകിയ ഉത്തരവ് ഉൾപ്പെടെ ഏതെല്ലാം ഘട്ടങ്ങളിൽ എന്തെല്ലാം നിലയിലുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;<br>(ബി) അന്വേഷണ സംഘത്തിന് ഡി.ജി.പി രേഖാമൂലം നൽകിയ നിർദ്ദേശങ്ങളുടെ ഓരോ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ; | (എ) & (ബി) 14.6.2013 ലെ സർക്കാർ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെ 14.6.13-ലെ ഡി.1/58609/2013-നമ്പർ ഉത്തരവ് പ്രകാരമാണ് സ്പെഷ്യൽ ടീം രൂപീകരിച്ചിട്ടുള്ളത്. സോളാർ തട്ടിപ്പുകേസിൽ പ്രത്യേക അന്വേഷണ സംഘം പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ, സൗത്ത് സോണിന്റെ നേതൃത്വത്തിൽ സ്വതന്ത്രമായ നിലയിലാണ് അന്വേഷണം നടത്തിയിട്ടുള്ളത്. പ്രത്യേകിച്ച് നിർദ്ദേശങ്ങളൊന്നുംതന്നെ രേഖാമൂലം നൽകിയിട്ടില്ല. |
| (സി) കേസുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പ് അല്ലാതെ മറ്റെന്തെല്ലാം കാര്യങ്ങൾ അന്വേഷിക്കുകയുണ്ടായി; സാമ്പത്തിക തട്ടിപ്പ് നടത്താൻ പ്രയോജനപ്പെടുത്തിയ മാർഗ്ഗങ്ങൾ എന്തൊക്കെയായിരുന്നു; അതുമായി ബന്ധപ്പെട്ട് സഹകരിച്ചവരെക്കുറിച്ചുള്ള അന്വേഷണവും ചോദ്യം ചെയ്യലുകളും നടത്തിയിട്ടുണ്ടായിരുന്നുവോ; | (സി) കേസുകളിൽ പരാതിക്കാർ പറഞ്ഞിരിക്കുന്ന പരാതികളിലെ കുറ്റകൃത്യത്തെക്കുറിച്ചാണ് CrPC പ്രകാരം പ്രത്യേക അന്വേഷണസംഘം അന്വേഷണം നടത്തിയിട്ടുള്ളത്. കുറ്റകൃത്യം തെളിയിക്കുന്നതിലേക്ക് ആവശ്യമായ തെളിവുകൾ ശേഖരിക്കുകയും അതിലേക്കാവശ്യമായ സാക്ഷികളുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) അന്വേഷണ സംഘത്തിന് ലഭിച്ച പരാതികളിൽ പരാമർശിക്കപ്പെട്ട മന്ത്രിമാർ ആരൊക്കെയായായിരുന്നു; അവരെയെല്ലാം സംഘം ചോദ്യം ചെയ്യുകയുണ്ടായോ? | (ഡി) കോടതിയുടെ പരിഗണന യിലിരിക്കുന്ന കേസുകളെകുറിച്ച് കൂടുതൽ വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല. |

10/1/14

സെക്ഷൻ ഓഫീസർ